ഉത്തരം

(എ) നെന്മേനി വെസ്റ്റ് കോൾ ബ്ലോക്കിൽ നിന്നും കെ.എസ്.ഇ.ബി.-ക്കുള്ള കരാർക്കരി വിഹിതം പ്രയോജനപ്പെടുത്തി 1320 മെഗാവാട്ട് ശേഷിയുള്ള ഒരു താപനിലയം പവർ പ്രോജക്ട് നിർമ്മിക്കാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. പ്രോജക്ട് റിപ്പോർട്ട് തയ്യാറായിക്കഴിഞ്ഞു. പരിസ്ഥിതി ആഘാതം വിലയിരുത്തുന്ന പഠനങ്ങളും പുരോഗമിച്ചുവരുന്നു.

(ബി) നിർമ്മാണ പ്രവർത്തനം തുടങ്ങിയിട്ടില്ല. താപവൈദ്യുതി നിലയത്തിന് ആവശ്യമായ പരിസ്ഥിതി പഠനങ്ങളും അടിസ്ഥാന സൗകര്യങ്ങൾക്ക് ആവശ്യമായ പഠനങ്ങളും നടന്നുവരുന്നു.

(സി) കരാർക്കരി ഉപയോഗിച്ച് 1320 മെഗാവാട്ടും പ്രകൃതി വാതകം ഉപയോഗിച്ച് 1200 മെഗാവാട്ടും വൈദ്യുതി അധികമായി ഉൽപ്പാദിപ്പിക്കാനാകും.

(ഡി) ഈ പദ്ധതി 12-ാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി കെ.എസ്.ഐ.ഡി.സി. കേന്ദ്ര സർക്കാരിനോട് അപേക്ഷിച്ചിട്ടുണ്ട്. കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭ്യമായിട്ടില്ല.

(ഇ) കരാർക്കരി ഉപയോഗിച്ചുള്ള പദ്ധതിക്ക് 8092 കോടി രൂപയെന്നാണ് കണക്കാക്കുന്നത്.

(എഫ്) 2015-17 വർഷത്തോടെ ഈ പദ്ധതി പൂർത്തീകരിക്കാനാണ് ഇപ്പോൾ വിഭാവനം ചെയ്യുന്നത്.

വാതകാധിഷ്ഠിത പവർ പ്ലാന്റുകൾ

146 (4209) ശ്രീ. എ. പി. അനിൽകുമാർ :
ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. എം. മുരളി :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വാതകാധിഷ്ഠിത പവർ പ്ലാന്റുകൾ സ്ഥാപിക്കുമെന്ന നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ഇതുവരെ എന്തൊക്കെ കർമ്മ പദ്ധതികൾ ആവിഷ്ക്കരിച്ചു എന്ന് വെളിപ്പെടുത്തുമോ ;

(സി) ഇത്തരം പവർ പ്ലാന്റുകൾ സംസ്ഥാനത്ത് എവിടെയൊക്കെ സ്ഥാപിക്കാനാണ് വിഭാവനം ചെയ്തിരിക്കുന്നത് ;

(ഡി) ഇത്തരം പവർ പ്ലാന്റുകളുടെ പ്രവർത്തനത്തിലൂടെ പ്രതിവർഷം എത്ര മെഗാവാട്ട് വൈദ്യുതി അധികമായി ഉൽപ്പാദിപ്പിക്കാനാകും എന്നാണ് കണക്കാക്കുന്നത് :

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഈ വർഷം ഈ പദ്ധതികളിലൂടെ എത്ര മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ സാധിക്കും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പദ്ധതികൾ നടപ്പിലാക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

(സി) പിന്നേനിയിലും (1000-1200 MW)

ബ്രഹ്മപുരത്തും (1026 MW)

(ഡി) ഇപ്പോഴുള്ള പക്ഷ്യമനുസരിച്ച് പിന്നേനിയിൽ 1200 മെഗാവാട്ടും ബ്രഹ്മപുരത്ത് 1026 മെഗാവാട്ടും പദ്ധതികൾ പൂർത്തീകരിക്കുമ്പോൾ സഞ്ചിത ശേഷിയിൽ 2226 മെഗാവാട്ടിന്റെ വർദ്ധനവുണ്ടാകും.

(ഇ) ഈ പദ്ധതികൾ 2014-15 വർഷത്തോടെ പൂർത്തീകരിക്കാനാണ് ഇപ്പോൾ പക്ഷ്യം വയ്ക്കുന്നത്.

വൈദ്യുതി ബോർഡിൽ നിന്നും വൈദ്യുതി വാങ്ങി വിതരണം ചെയ്യുന്ന ഏജൻസികൾ വരുത്തിയ കുടിശ്ശിക

147 (4210) ശ്രീ. പി. സി. ജോർജ് :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക വിഭാഗ സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ബോർഡിൽ നിന്നും മൊത്തമായി വൈദ്യുതി വാങ്ങി വിതരണം ചെയ്യുന്ന എത്ര ഏജൻസികൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട് ; ഏജൻസികൾ ഏതെല്ലാമാണ് ;

(ബി) പ്രസ്തുത ഏജൻസികളിൽ നിന്ന് ഈടാക്കുന്ന വൈദ്യുതിയുടെ നിരക്ക് യൂണിറ്റ് അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ ;

(സി) 2006-07 മുതൽ 2009-10 വരെയുള്ള കാലയളവിൽ പ്രസ്തുത ഏജൻസികൾക്ക് നൽകിയ വൈദ്യുതിയുടെ നിരക്കിൽ എത്ര തവണ വർദ്ധനവ് വരുത്തിയിട്ടുണ്ട് ; വിശദാംശങ്ങൾ നൽകുമോ ;

(ഡി) വൈദ്യുതി വാങ്ങി വിതരണം ചെയ്ത വകയിൽ പ്രസ്തുത ഏജൻസികൾ ബോർഡിന് കുടിശ്ശിക വരുത്തിയിട്ടുണ്ടോ ; എങ്കിൽ ഓരോ ഏജൻസിയും കുടിശ്ശിക ഇനത്തിൽ അടച്ചുതീർക്കാനുള്ള തുകയെത്രയാണ് ; വ്യക്തമാക്കുമോ ?

---

* ചൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly